**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1305** **18-01-2021 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളിലെ ഓൺലൈൻ ക്ലാസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | Prof. C. Raveendranath<br>(പൊതു വിദ്യാഭ്യാസ വകുപ്പമന്ത്രി) | |
| (എ) | കോവിഡ് 19 മായി ബന്ധപ്പെട്ട് സ്കൂളുകൾ 9 മാസം പൂർണ്ണമായും പൂട്ടിയ സാഹചര്യത്തിൽ സ്കൂൾ സിലബസ്സ് പുനഃക്രമീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (എ) | 1 മുതൽ 12 വരെ ക്ലാസുകളിലെ മുഴുവൻ പാഠഭാഗങ്ങളും ഡിജിറ്റൽ ക്ലാസിലൂടെ വിനിമയം ചെയ്യുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത് .എന്നാൽ 10,12, ക്ലാസുകളിലെ പൊതുപരീക്ഷയ്ക്കായി പ്രത്യേക ശ്രദ്ധ നൽകേണ്ട പാഠഭാഗങ്ങൾ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | ഒന്നു മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കായി നടത്തിയ ഓൺലൈൻ ക്ലാസ്സുകളിലൂടെ സിലബസ്സ് പൂർണ്ണമായും പഠിപ്പിക്കുവാൻ സാധിച്ചിട്ടുണ്ടോ; | (ബി) | പത്താം ക്ലാസിലെ പാഠഭാഗങ്ങൾ ജനുവരി 17-നും പന്ത്രണ്ടാം ക്ലാസിലേത് ജനുവരി 31-നും പൂർത്തിയാക്കത്തക്ക രീതിയിലാണ് ഫസ്റ്റ്ബെൽ ക്ലാസുകളുടെ ക്രമീകരണം ഒരുക്കിയിരിക്കുന്നത്. പത്ത്, പന്ത്രണ്ട് ക്ലാസുകൾക്കൊപ്പം ഒന്നു മുതൽ ഒൻപതുവരേയും പതിനൊന്നാം ക്ലാസിലേയും പാഠഭാഗങ്ങൾ ഇപ്പോഴും സംപ്രേഷണം ചെയ്തുകൊണ്ടിരിക്കുകയാണ്. |
| (സി) | വേണ്ടത്ര ചർച്ചയും പഠനവും നടത്താതെ ഏർപ്പെടുത്തിയ ഓൺലൈൻ ക്ലാസ്സ് സമ്പ്രദായം പല കുട്ടികൾക്കും പ്രത്യേകിച്ച് പട്ടികജാതി, പിന്നാക്ക വിഭാഗങ്ങളിൽപ്പെട്ടവർക്ക് പ്രതിബന്ധവും മാനസികമായ പിരിമുറുക്കവും ഉണ്ടാക്കി എന്നത് വസ്തുതയാണോ; എങ്കിൽ ഇത് തരണം ചെയ്യുന്നതിന് എന്തൊക്കെ ഇടപെടലുകളാണ് വിദ്യാഭ്യാസ വകുപ്പിന്റെ ഭാഗത്ത് നിന്നും ഉണ്ടായത്; | (സി) | കൈറ്റ് വിക്ടേഴ്സ് ചാനലിലൂടെ സംപ്രേഷണം ചെയ്യുന്ന പാഠഭാഗങ്ങൾ തത്സമയം വീക്ഷിക്കുന്നതിന് അവസരം ലഭിക്കാത്ത കുട്ടികൾക്കുവേണ്ടി പുനഃസംപ്രേഷണവും കൈറ്റ് വിക്ടേഴ്സിന്റെ വെബിലും മൊബൈൽ ആപ്പിലും സോഷ്യൽ മീഡിയ പേജുകളിലും മറ്റും ലഭ്യമാക്കുന്നുണ്ട്.വീട്ടിൽ, ടി.വി., ഇന്റർനെറ്റ് തുടങ്ങിയ സൗകര്യങ്ങൾ ഇല്ലാത്ത കുട്ടികൾക്ക് ക്ലാസ് കാണുന്നതിനായി അടുത്തു താമസിക്കുന്ന സഹപാഠിയുടെയോ അയൽ വീടുകളിലേയോ ഗ്രന്ഥശാലകൾ/അക്ഷയ കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളുടേയോ ടി.വി./ ഇന്റർനെറ്റ് സേവനങ്ങളോ വിദൂരതയിലുള്ള സ്ഥലങ്ങളിൽ എസ്.എസ്.കെ.കോ-ഓർഡിനേറ്റർമാർ, എസ്.പി.സി.,എൻ.എസ്.എസ്. വോളന്റിയർമാർ, ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തുടങ്ങിയവരുടെ നേതൃത്വത്തിൽ ലാപ്ടോപ്പും പ്രൊജക്ടറും (ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികൾ പ്രകാരം സ്കൂളുകൾക്ക് |

| | | | |
|---|---|---|---|
| | | | ലഭ്യമായതുൾപ്പെടെ) ഉപയോഗിച്ചോ (അവിടെ ഇന്റർനെറ്റ് സൗകര്യം ഇല്ലെങ്കിലും നേരത്തെ ഡൗൺലോഡ് ചെയ്ത ഉള്ളടക്കം പ്രദർശിപ്പിക്കാം) തൊട്ടടുത്ത സ്കൂളുകളിൽ സൗകര്യം ഏർപ്പെടുത്തിയുമാണ് ക്ലാസുകൾ നടത്തി വരുന്നത്.ക്ലാസുകൾ കാണുന്നതിന് ബദൽ സംവിധാനം ഒരുക്കുമ്പോൾ ഒരു ക്ലാസിലെ കുട്ടിയ്ക്ക് ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം കൊണ്ടു മാത്രം എല്ലാ ക്ലാസുകളും ഒരുമിച്ച് നൽകുന്നവിധത്തിൽ സ്കൂളുകളിൽ നിലവിലുള്ള ഐ.ടി. സംവിധാനങ്ങളും ഉപയോഗിക്കുന്നതിന് ക്രമീകരണം ഒരുക്കിയിട്ടുണ്ട്. ഓരോ ക്ലാസിന്റേയും സംപ്രേഷണത്തിന് മുൻപും ശേഷവും അതത് ക്ലാസിലെ കുട്ടികളുമായി ആശയവിനിമയം നടത്തുന്നതിനും കുട്ടിയ്ക്ക് ക്ലാസ് കാണാനുള്ള പ്രേരണയും കണ്ട ക്ലാസിലെ സംശയ നിവാരണത്തിനുള്ള അവസരവും ക്ലാസ് ടീച്ചർ നൽകി വരുന്നു. സംപ്രേഷണം ചെയ്യുന്ന ക്ലാസുകൾ എപ്പോഴും സൗജന്യമായി ഉപയോഗിക്കുന്നതിന് വെബ്ബിൽ firstbell.kite.kerala.gov.inഎന്ന പോർട്ടൽ വഴി ലഭ്യമാക്കിയിട്ടുണ്ട്. കുട്ടികൾക്കു മാത്രമല്ല അധ്യാപകർക്കും രക്ഷിതാക്കൾക്കും പൊതു ജനങ്ങൾക്കുമെല്ലാം ഇത് ഏത് സമയം വേണമെങ്കിലും ഉപയോഗിക്കാവുന്നതാണ്. അതിനാൽ വൈദ്യുതി തടസ്സം, കേബിൾ-ഇന്റർനെറ്റ് ലഭ്യമല്ലാതിരിക്കൽ തുടങ്ങിയ കാരണങ്ങളാൽ കുട്ടികൾക്ക് ക്ലാസ് ലഭിക്കാത്ത അവസ്ഥ ഒഴിവാക്കാനാകും. 2020 ജൂൺ 1 മുതൽ എല്ലാ കുട്ടികൾക്കും ഒരു പോലെ പ്രയോജനപ്പെടുന്നവിധത്തിലാണ് 'ഫസ്റ്റ്ബെൽ' ക്രമീകരിച്ചത്. ഏതെങ്കിലും കുട്ടികൾക്കോ പ്രദേശത്തോ ക്ലാസുകൾ കാണുന്നതിന് പ്രയാസം നേരിട്ടാൽപ്രഥമാധ്യാപകർ പി.ടി.എ.യുടേയും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപന ങ്ങളുടേയും കുടുംബശ്രീ യൂണിറ്റുകളുടേയും സഹായം പ്രയോജനപ്പെടുത്തുന്നതിനും നിർദേശം നൽകിയിട്ടുണ്ട്. സംസ്ഥാന സിലബസ് പിൻതുടരുന്ന ഒരു കുട്ടിയ്ക്കുപോലും (വീട്ടിൽ ടി.വിയും സ്മാർട്ട് ഫോണും ഇന്റർനെറ്റും ഒന്നുമില്ലാത്ത) ക്ലാസുകൾ കാണാൻ ഇല്ലാതാകുന്ന സാഹചര്യം പൂർണമായും ഒഴിവാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഫസ്റ്റ്ബെൽ പദ്ധതിയുടെ കാര്യത്തിൽ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | മലപ്പുറം ജില്ലയിലെ ദേവിക എന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിനിയുടെ രക്തസാക്ഷിത്വം വേണ്ടത്ര മുന്നൊരുക്കങ്ങൾ നടത്താതെ ഓൺലൈൻ ക്ലാസ്സുകൾ ആരംഭിച്ചത് മൂലമല്ലേ; എങ്കിൽ ഇത്തരം ആത്മഹത്യകൾ | (ഡി) | ആണെന്ന് കരുതുന്നില്ല. 2020 ജൂൺ 1 ന് ട്രയൽ അടിസ്ഥാനത്തിൽ കൈറ്റ് വിക്ടേഴ്സ് ചാനലിലൂടെ വീഡിയോ പാഠങ്ങളുടെ സംപ്രേഷണം ആരംഭിച്ചു. കൂടാതെ പാഠഭാഗങ്ങളുടെ ഓൺലൈൻ ലിങ്കുകൾ യൂട്യൂബ്, ഫെയ്സ്ബുക്ക് തുടങ്ങിയ സമൂഹ മാധ്യമങ്ങൾ മുഖേന കുട്ടികൾക്ക് ലഭ്യമാക്കുകയും ചെയ്തു. ട്രയൽ |

| | | | |
|---|---|---|---|
| | ഉണ്ടാകാതിരിക്കുവാൻ വകുപ്പ് നടത്തിയ ഇടപെടലും പ്രവർത്തനവും വിശദമാക്കുമോ ? | | സംപ്രേഷണം ചെയ്യതിലൂടെ ജില്ലകളിലെ വിവിധ മേഖലകളിലെ പശ്ചാത്തല സൗകര്യങ്ങളുടെ കൃത്യമായ പരിശോധനയിൽ കണക്കുകൾ ലഭ്യമാവുകയും, അസൗകര്യങ്ങൾ ഉള്ള കുട്ടികൾക്ക് പര്യാപ്തമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് അവസരം ലഭിക്കുകയും ചെയ്തു. പൊതുമേഖലാ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ, സർക്കാർ ഇതര സ്ഥാപനങ്ങൾ, വ്യക്തികൾ, സംഘടനകൾ തുടങ്ങി നിരവധി കേന്ദ്രങ്ങളിൽ നിന്ന് ടെലിവിഷൻ, ലാപ് ടോപ്പ്, മൊബൈൽ ഫോൺ, നെറ്റ് വർക്ക് കണക്ഷനുകൾ, ടാബ് ലറ്റുകൾ എന്നിവ പ്രാദേശിക തലത്തിൽ പ്രധാനമായി പൊതു പഠന കേന്ദ്രങ്ങൾക്കും, ചിലയിടങ്ങളിൽ കുട്ടികളുടെ വീട്ടുകളിലും ലഭ്യമാകുന്നതിനുള്ള സാഹചര്യം ഉണ്ടാക്കിയിട്ടുണ്ട്. ഓൺലൈൻ പഠന സൗകര്യങ്ങൾ വീട്ടുകളിൽ ലഭ്യമല്ലാതിരുന്ന കുട്ടികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വായനശാലകൾ, അക്ഷയകേന്ദ്രം, കമ്യൂണിറ്റി സെന്ററുകൾ, എം.ജി.എൽ.സികൾ, അംഗൻവാടികൾ, ബി.ആർ.സി കൾ, കുടുംബശ്രീ സംവിധാനം ഒരുക്കിയ പഠന കേന്ദ്രങ്ങൾ തുടങ്ങിയ അയൽപക്ക പഠന കേന്ദ്രങ്ങളിൽ കോവിഡ്-19 മാനദണ്ഡങ്ങൾ പാലിച്ച് ക്ലാസുകൾ നൽകുവാൻ കഴിഞ്ഞു. കൈറ്റ് വിക്ടേഴ്സ് ചാനൽ മുഖാന്തിരം നടത്തികൊണ്ടിരിക്കുന്ന ട്രയൽ ക്ലാസ്സുകൾക്കു ശേഷമുള്ള റഗുലർ ക്ലാസ്സുകൾ 15/06/2020 മുതൽ സംപ്രേക്ഷണം ആരംഭിച്ചു. ഓരോ സ്കൂളിലും നിലവിലുള്ള ലാപ് ടോപ്പുകൾ, ടെലിവിഷനുകൾ, പ്രൊജക്ടറുകൾ എന്നിവയെല്ലാം കുട്ടികൾക്ക് സൗകര്യ പ്രദമായ രീതിയിൽ വിന്യസി ക്കുവാനും ഉപയോഗിക്കുവാനും പ്രധാനാധ്യാപകർ നടപടി കൈക്കൊണ്ടിട്ടുണ്ട്. വൈദ്യുതി കേബിൾ കണക്ഷൻ, നെറ്റ് വർക്ക് എന്നിവ ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ കുട്ടികൾക്ക് വീഡിയോ പാഠങ്ങൾ ഡൗൺലോഡ് ചെയ്ത് ലാപ് ടോപ്പുകൾ ഉപയോഗിച്ച് കാണുവാനുള്ള സൗകര്യങ്ങൾ ലഭ്യമാക്കി. സമഗ്രശിക്ഷാ കേരളയുടെ സഹായത്തിനു പുറമെ ജനപ്രതിനിധികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, എസ്.സി/എസ്.ടി പ്രമോട്ടർമാർ തുടങ്ങിയവരുടെ സഹകരണത്തോടെയാണ് ഇത്തരം പ്രവർത്തനങ്ങൾ ക്രമീകരിച്ചത്. |

സെക്ഷൻ ഓഫീസർ